9350

നമ്പർ.ക്യൂ.ഐ.പി/49560/2010/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി. 17.08.2010.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- ഹൈസ്കൂൾ തല അദ്ധ്യാപക തുടർ പരിശീലനം-പരിശീലന കേന്ദ്രങ്ങൾ ക്രമീകരിക്കുന്നത്- സംബന്ധിച്ച്-

സൂചന:-

---

2010-11 അദ്ധ്യയന വർഷത്തെ അദ്ധ്യാപക തുടർ പരിശീലനങ്ങൾ സെപ്തംബർ മാസം മുതൽ ആരംഭിക്കുകയാണ്. ആദ്യ പരിശീലനം ക്രമീകരിച്ചിരിക്കുന്നത് സെപ്തംബർ 4, ശനിയാഴ്ചയാണ്. എല്ലാ വിഷയങ്ങൾക്കും ഈ ദിവസം പരിശീലനം ഉണ്ടായിരിക്കുന്നതും, സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകരും പരിശീലനത്തിൽ പങ്കെടുക്കേണ്ടതുമാണ്. പരിശീലനം സുഗമമായി നടത്തുന്നതിന് താഴെപ്പറയുന്ന ക്രമീകരണങ്ങൾ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ഡയറ്റ് പ്രിൻസിപ്പൽമാരും കൃത്യമായി നടത്തേണ്ടതാണ്.

പരിശീലനം നടത്തുന്നതിനാവശ്യമായ സെന്ററുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ക്രമീകരിക്കേണ്ടതാണ്. സെന്ററുകൾ തെരഞ്ഞെടുക്കുമ്പോൾ വാഹന സൗകര്യം, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഉറപ്പാക്കേണ്ടതാണ്. ആവശ്യത്തിന് ബെഞ്ച്, മേശ, കസേര എന്നിവ ഉണ്ടായിരിക്കണം. ഓരോ ബാച്ചിനും ആവശ്യമായ LCD. projector/computer സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ സെന്റർ ഹെഡ്മാസ്റ്റർമാരുടെ യോഗം വിളിച്ച്ചേർത്ത് ക്രമീകരണങ്ങൾ വിലയിരുത്തേണ്ടതും, സെന്ററുകളുടെ വിശദാംശങ്ങൾ 30.08.2010-ന് മുമ്പ് എല്ലാ സ്കൂളുകളിലും അറിയിക്കേണ്ടതുമാണ്. പരിശീലനം 10 മണിമുതൽ 4 മണിവരെയായിരിക്കും. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തെരഞ്ഞെടുത്ത് അയക്കുന്ന ആർ.പി.മാർക്ക് ആവശ്യമായ പരിശീലനം ആഗസ്റ്റ് 30, 31 തീയതികളിൽ അതാത് ഡയറ്റുകളുടെ നേതൃത്വത്തിൽ നൽകുന്നതാണ്. ഓരോ വിഷയത്തിനും ഒരു ബാച്ചിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരമാവധി 40 ആയി നിജപ്പെടുത്തേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് സെന്റർ ഹെഡ്മാസ്റ്റർമാർ Duty Certificate നൽകേണ്ടതാണ്. ആർ.പി.മാരെ Attendance, Duty Certificate, Acquittance തുടങ്ങിയവ തയ്യാറാക്കുന്നതിന് നിയോഗിക്കരുത്. തുടർ പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിവരം സെപ്തംബർ 6, 7 തീയതികളിൽ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ സെപ്തംബർ 8-ന് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ പൂരിപ്പിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ട പ്രൊഫോർമയും ഇതോടൊപ്പം അയയ്ക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എ.എസ്/12.08.

അദ്ധ്യാപക പരിശീലന പരിപാടികളിൽ തുടർച്ചയായി ഹാജരാകാത്തവരുടെ പേരുവിവരം

സ്കൂളിന്റെ പേര്                വിദ്യാഭ്യാസ ജില്ല                ഉപജില്ല

| ക്രമ നമ്പർ | പേര് | തസ്തിക | അവധിക്കാല പരിശീലനം/റിസോഴ്സ് ട്രെയിനിംഗ് | തുടർ പരിശീലനം സെപ്തംബർ 4 | [illegible] |
|---|---|---|---|---|---|
| | | | | | |

ഹെഡ്മാസ്റ്റർമാരുടെ ഒപ്പ്

പേര്                ഓഫീസ് സീൽ